# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 837** **29/09/2016 ൽ മറുപടി**

**കോട്ടക്കപ്പുറം സ്കൂളിന്റെ വഴി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കോട്ടക്കപ്പുറം സ്കൂളിന്റെ വഴി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതു സംബന്ധിച്ച് സർക്കാർ ഫയൽ നംപർ 651536/16/ജി.ഇ.ഡി-എം പ്രകാരം സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കോട്ടക്കപ്പുറം സ്കൂളിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള വഴി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതു സംബന്ധിച്ച് സർക്കാരിലേക്ക് കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറിൽ നിന്നുമുള്ള കത്ത് 651536/16/ജി.ഇ.ഡി എന്ന തപാൽ നമ്പരിൽ ലഭിക്കുകയും നിലവിൽ ടി വിഷയം കൈകാര്യം ചെയ്യുന്ന 68773/എം1/2015/ പൊ.വി.വ. നമ്പർ ഫയലിൽ ചേർത്ത് നടപടി സ്വീകരിച്ചുവരികയുമാണ്. കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടക്കപ്പുറം സ്കൂളിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള വഴി കെട്ടി അടയ്ക്കുന്നത് ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാക്കുവാൻ സാധ്യതയുള്ളതിനാൽ ടി പ്രദേശവാസികളുടെ സഞ്ചാരത്തിനായി ഗതാഗത സൗകര്യമുള്ള മറ്റേതെങ്കിലും വഴി ഉണ്ടോയെന്ന് അന്വേഷിച്ച് പുതിയ റിപ്പോർട്ട് അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കുവാൻ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വിഷയം സംബന്ധിച്ച് കോട്ടയം ഡി.ഡി പുതിയ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഇല്ല. ബാധകമല്ല. |

സെക്ഷൻ ഓഫീസർ